


കാർ ഫ്രീ ഡേയുടെ ഭാഗമായി അമൃതപുരി കാമ്പസ്സിലെ സേവാസംഘടനയായ അമൃതസഞ്ജീവനി സംഘടിപ്പിച്ച സൈക്കിൾ റാലി അസി. കളക്ടർ ഡോ. എസ്.ചിത്ര ഫ്ലാഗ് ഓഫ് ചെയ്യുന്നു

# അമൃത വിദ്യാർഥികൾ 'കാർ ഫ്രീ ഡേ' ആചരിച്ചു

**കരുനാഗപ്പള്ളി:** അമൃത സർവകലാശാലയുടെ അമൃതപുരി കാമ്പസ്സിലെ സേവാസംഘടനയായ അമൃതസഞ്ജീവനിയുടെ നേതൃത്വത്തിൽ ലോക കാർ ഫ്രീ ഡേ ആചരിച്ചു. കാർബൺ വിമുക്ത വാഹനങ്ങളുടെ ഉപയോഗം വർധിപ്പിക്കുക, പ്രകൃതിക്ക് ഭീഷണിയുയർത്തുന്ന പരിസ്ഥിതിമലിനീകരണം തടയുക എന്നതാണ് പരിപാടിയുടെ പ്രധാന ഉദ്ദേശ്യം. പ്രചാരണത്തിന്റെ ഭാഗമായി കരുനാഗപ്പള്ളി ടൗൺ മുതൽ അമൃതപുരി കാമ്പസ് വരെ 10 കിലോമീറ്റർ സൈക്കിൾ റാലിയും കൂട്ടയോട്ടവും സംഘടിപ്പിച്ചു. 800 വിദ്യാർഥികളും 300 അധ്യാപകരും പങ്കെടുത്തു.

കൊല്ലം അസി. കളക്ടർ ഡോ. എസ്.ചിത്ര റാലി ഉദ്ഘാടനം ചെയ്തു. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി മുൻ ചെയർമാൻ എച്ച്.സലിം, ജില്ലാ പോലീസ് കമ്മീഷണർ പി.പ്രകാശ് എന്നിവർ മുഖ്യാതിഥികളായി. അമൃത സർവകലാശാലാ കാമ്പസ് ഡയറക്ടർ ബ്രഹ്മചാരി സുദീപ്, അസോസിയേറ്റ് ഡീൻ ഡോ. ബാലകൃഷ്ണ ശങ്കർ, ബയോടെക്നോളജി ഡീൻ ഡോ. ബിപിൻ നായർ, അമൃത സർവകലാശാലാ രജിസ്ട്രാർ ഡോ. ശങ്കരൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.